# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്(2)

**2024 മാർച്ച് 14**

---

## ഡോ. ബിജു ലക്ഷ്മണൻ അന്തരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഡയറക്ടറും പ്രഫസറുമായ ഡോ. ബിജു ലക്ഷ്മണൻ (56) അന്തരിച്ചു. വൃക്ക സംബന്ധമായ അസുഖത്തെത്തുടർന്ന് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ചികിത്സയിലായിരുന്നു.

ഗാന്ധിയൻ സ്റ്റഡീസ്, മനുഷ്യാവകാശം, വികസന ബദലുകൾ, ഭരണനിർവഹണം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധനായിരുന്ന ഇദ്ദേഹം മുൻപ് സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പാർലമെന്ററി അഫയേഴ്സ് ഡയറക്ടർ ജനറലായി സേവനമനുഷ്ഠിച്ചിരുന്നു.

എം.ജി സർവകലാശാല സെനറ്റിലും അക്കാദമിക് കൗൺസിലിലും വിവധ സർവകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസിലും അംഗം, ഗവൺമെന്റ് കോളജുകളിൽ അധ്യാപകൻ, എം.ജി സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗം ഡയറക്ടർ, തിരഞ്ഞെടുപ്പ് കമ്മിഷന്റെയും സർവകലാശാലകളുടെയും അക്കാദമിക് കൺസൾട്ടന്റ്, എസ്.സി.ഇ.ആർ.ടിയിലെ വിവിധ പദ്ധതികളിലെ വിഷയ വിദഗ്ധൻ, 2018ൽ കേരള നിയമസഭയുടെ വജ്രജൂബിലിയുടെ സമാപനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ജനാധിപത്യത്തിന്റെ ആഘോഷം പരിപാടിയുടെ കോ-ഓർഡിനേറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

നിരവധി വിദ്യാർഥികളുടെ പി.എച്ച്.ഡി ഗൈഡായിരുന്ന ഡോ. ബിജുവിന്റെ പ്രബന്ധങ്ങൾ അന്താരാഷ്ട്ര തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി സർവകലാശാലാ ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റായും പ്രവർത്തിച്ചുവരികയായിരുന്നു.

കൊല്ലം കൊട്ടാരക്കര വയക്കൽ സ്വദേശിയാണ്. ഭാര്യ - ദീപകുമാരി. മക്കൾ - ആദിത്യ ബി. ലക്ഷ്മൺ (എം. എഡ് വിദ്യാർഥിനി, കേന്ദ്ര സർവകലാശാല

കാസർഗോഡ്) ആദ്യ ബി. ലക്ഷ്മൺ (രണ്ടാം വർഷ ബിരുദ വിദ്യാർഥിനി, വിമൻസ് കോളേജ് തിരുവനന്തപുരം). സഹോദരങ്ങൾ: ബാബു ലക്ഷ്മണൻ (റിട്ട. സൂപ്രണ്ട്, കെ.എസ്.ഇ.ബി), ബീന ലക്ഷ്മണൻ.

മൃതദേഹം ഇന്ന്(മാർച്ച് 15 വെള്ളി) രാവിലെ 10.30ന് സർവകലാശാലാ  അസംബ്ലി ഹാളിൽ പൊതു ദർശനത്തിന് വെക്കും. സംസ്കാരച്ചടങ്ങ്  മാർച്ച് 17ന്(ഞായർ) കൊട്ടാരക്കര വയക്കലിലെ വീട്ടുവളപ്പിൽ.

(പി.ആർ.ഒ/39/249/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**